# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1043/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1043/2021 തീയ്യതി: 13/09/2021

## കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അഫ്സൽ.ടി.എം, ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. വി.എം.കമലാക്ഷി | പ്രസിഡന്റ് | | |
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാനവാസ്.ഇ | അസി. സെക്രട്ടറി | 01-04-2020 | 27-06-2020 |
| ശ്രീ. ഗിരീഷ് കുമാർ.ഇ | അസി. സെക്രട്ടറി | 28-06-2020 | 31-03-2021 |
| ശ്രീ. ശിവപ്രസാദ്.കെ | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ്.പി.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. നിഷ.ജെ.ഹരിദാസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 28-06-2020 |
| ഡോ. ശരണ്യ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 29-06-2020 | 31-03-2021 |
| ഡോ. അഫ്സൽ.സി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2020 | 28-02-2021 |
| ഡോ. വിപിൻ.വി.വി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-03-2021 | 31-03-2021 |
| ഡോ. ടി.കെ.മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. മുഹമ്മദ് റാഷിദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. എ.ജെ.ജോയ് | വെറ്റിനറി സർജൻ | 01-04-2020 | 30-11-2020 |
| | | 01-03-2021 | 31-03-2021 |
| ഡോ. എൻ.അബ്ജുൾ നാസർ | വെറ്റിനറി സർജൻ(ഇൻ ചാർജ്) | 01-12-2020 | 28-02-2021 |
| ശ്രീമതി. പ്രസന്ന.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഹിത.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-07-2020 |
| ശ്രീമതി. റിജുല | ഡയറി എക്സ്റ്റൻഷൻ | 06-07-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. ലിജേഷ്.കെ.രാജ് | വി.ഇ.ഒ. | 01-04-2020 | 30-10-2020 |
| ശ്രീമതി. സിന്ധു | വി.ഇ.ഒ. | 01-04-2020 | 30-10-2020 |
| ശ്രീമതി. മഞ്ജുള.പി | വി.ഇ.ഒ | 31-10-2020 | 31-03-2021 |
| ശ്രീമതി. പ്രിയങ്ക | വി.ഇ.ഒ | 31-10-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ ബാരി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സന്ധ്യ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-2 |
| 4 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Shibin K S (Auditor, On 22-08-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Shibin K S (Auditor, On 22-08-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Sathish Kumar K (Audit Officer (HG), On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-9 |
| 14 | തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല.<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-10 |
| 15 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-11 |
| 16 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-12 |

| | | |
|---|---|---|
| 17 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-13 |
| 18 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-14 |
| 19 | രശീത് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-15 |
| 20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ചു റോഡ് പണി നടത്തുന്നു<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-16 |
| 21 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-17 |
| 22 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-18 |
| 23 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-19 |
| 24 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-20 |
| 25 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-21 |
| 26 | കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-22 |
| 27 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-23 |
| 28 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| | Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | |
| 29 | റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-25 |
| 30 | 2020-21സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-26 |
| 31 | ഗ്രാമദീപം പദ്ധതി -തുടർപരിപാലനം ഉറപ്പുവരുത്തണം<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-27 |
| 32 | പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ബിൽ പ്രകാരമുള്ള സൗണ്ട് സിസ്റ്റം ലഭ്യമാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-28 |
| 33 | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-29 |
| 34 | വിതരണം ചെയ്യാത്ത കുടിവെള്ളത്തിന് തുക അനുവദിച്ചു<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-30 |
| 35 | എം.സി.എഫ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-31 |
| 36 | സി.എഫ്.എൽ തെരുവ് വിളക്കുകൾ ഭൂരിഭാഗവും എൽ.ഇ.ഡി വിളക്കുകളാക്കി മാറ്റിയിട്ടും വൈദ്യുതിക്കരത്തിൽ കുറവില്ല<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-32 |
| 37 | (എസ് സി)- മെറിറ്റോറിയസ് സ്കോളർ ഷിപ്പ് -രേഖകൾ ഹാജരാക്കാത്തത് -സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-33 |
| 38 | പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് ലാപ്ടോപ്പ് നൽകിയത്- അപാകതകൾ<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-34 |
| 39 | ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-35 |
| 40 | ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-36 |
| 41 | 2020-21 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകതൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 1-37 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 20-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 3-1 |
| 2 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 3-2 |
| 3 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Shibin K S (Auditor, On 23-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Shibin K S (Auditor, On 23-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sathish Kumar K (Audit Officer (HG), On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sathish Kumar K (Audit Officer (HG), On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sathish Kumar K (Audit Officer (HG), On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 21.03.2020 തീയതിയിലെ നം. 1 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 1,00,71,173 | 2,51,10,968 |
| വരവ് | 35,44,92,050 | 10,61,20,173 |
| ആകെ | 36,45,63,223 | 13,12,31,141 |
| ചെലവ് | 35,13,79,000 | 10,62,17,784 |
| നീക്കിയിരിപ്പ് | 1,31,84,223 | 2,50,13,357 |

09.03.2020 ന് ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കിയതായും 19.02.2020 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചതായും കാണുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കാണുന്നില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല. പകരം സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കി കാണുന്നത്. ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ, പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് (സെക്ഷൻ 214). ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു. ബജറ്റ് പ്രകാരം വരവ് 35.33 കോടിയും യഥാർത്ഥ വരവ് 10.61 കോടിയുമാണ്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 35.13 കോടിയും യഥാർത്ഥ ചെലവ് 10.62 കോടിയുമാണ്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം സ്ഥാപനം തിരിച്ചറിയേണ്ടതും തുടർ വർഷം മുതൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ബജറ്റിനെ സമീപിക്കേണ്ടതുമാണ്.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുമ്പ് | 7 സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | 14.01.2020 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച നോൺപ്ലാൻ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യത്തിൽ വ്യക്തതയില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | 09-03-2020 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന നം. 31/20 പ്രകാരം കരട് ബജറ്റിന് അംഗീകാരം നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | 17-03-2020ന് നടന്ന പ്രത്യേക യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 -ന് മുമ്പ് | 21-03-2020ന് നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2021 | 28.04.2021 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

1)

എ) വസ്തുനികുതി കണക്ക് കൃത്യമല്ല

| | ഡിമാന്റ് (കറന്റ്) | കളക്ഷൻ(മുൻക്കൂർ ക്രമീകരിച്ചതുൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 4512628 | 4017242 | 463398(യഥാർത്ഥ ബാലൻസ്-495386) |
| സഞ്ചയ പ്രകാരം | 4742413 | 4285240(ബുക്ക് അഡ്ജസ്റ്റ്മെന്റ്-61426 ഉൾപ്പെടെ) | 463398(യഥാർത്ഥ ബാലൻസ് 457173/-) |

മേൽ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതും ബുക്ക് അഡ്ജസ്റ്റ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18പ്രകാരം -(76112) രൂപ, +(11766) രൂപ എന്നിവ Prior Period Item ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18പ്രകാരം -(10750) രൂപ തൊഴിൽ നികുതിയിനത്തിൽ Prior Period Item ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ബി-3 ഷെഡ്യൂൾ തുക ബി-11 ,ബി11(എ) ഷെഡ്യൂകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല(ബി-3 #ബി- 11+ബി11(എ)

4 ) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരമുള്ള 2,04,21260/-രൂപയുടെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

5) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ നൽകിയിട്ടില്ലെങ്കിലും ബി-11 ഷെഡ്യൂളിൽ അക്യൂമിലേറ്റഡ് ഡിപ്രിസിയേഷൻ (- 21,96,547/-)നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

6) ലൈഫ് പദ്ധതിക്കായി ലഭിച്ച ഹഡ്കോ ലോൺ തുകR&P -32 ൽ വരവ് വെക്കുകയോ R&P -45 -ൽ ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. R&P -45 -ൽ രേഖപ്പെടുത്തിയ 4,20,000/- രൂപയുടെ ചെലവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

7) ബി-15 ഷെഡ്യൂളിൽ റിഡപ്ഷൻ തുകയായി 2518371/- രൂപ ആസ്തിയായി കാണിച്ചിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

8)ബി-4 ഷെഡ്യൂളിൽ ഐ.സി.ഡി.എസ്,ടി.എസ്.സി,ടോട്ടൽ സാനിറ്റേഷൻ,ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി( വിമുക്തി,ഐ.സി.ഡി.എസ് കിണർ),ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എസിആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

9)ബി-11(എ)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 3345130/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

10)

എ) സർവ്വശിക്ഷഅഭിയാന്റെ പേരിലുള്ള പനങ്ങാട് സർവ്വീസ് സഹകരണബാങ്കിലെ 3698 നമ്പർ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള 76160/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം 2920/- രൂപ പലിശയിനത്തിലെ വരവല്ലാതെ വേറൊരു ഇടപാടും നടന്നിട്ടില്ല.

ബി)പൈക്ക-യുടെ പേരിലുള്ള എസ്.ബി.ഐ-ലുള്ള 67128342852ാം നമ്പർ അക്കൌണ്ടിൽ 315524/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം 8437/- രൂപ പലിശയിനത്തിലെ വരവല്ലാതെ വേറൊരു ഇടപാടും നടന്നിട്ടില്ല.

സി) എസ്.ബി.ഐ-ലുള്ള 5430ാം നമ്പർ പെൻഷൻ അക്കൌണ്ടിൽ 968/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം ഒരു ഇടപാടും നടന്നിട്ടില്ല.

12) ബി-18 ഷെഡ്യൂളിൽ 1,90000/- രൂപ പൊതുമരാമത്ത് വകുപ്പിനും 337011/- രൂപ കേരള വാട്ടർ അതോറിറ്റിക്കും മുൻക്കൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ 23.01.2019-ലെ എ- 2-2937/13 വിനിയോഗ സാക്ഷ്യ പത്രം പ്രകാരം നിർമല്ലൂർ വയോറമല കുടിവെള്ള പദ്ധതിക്കായി കേരള ജല അതോറിറ്റിക്ക്

നൽകിയ 8925000/- രൂപയിൽ 8587989/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചതായും ബാക്കി 337011/- രൂപ പഞ്ചായത്തിന് തിരിച്ച നൽകാനുള്ളതായും കാണിച്ചിട്ടുണ്ട്. മുൻകൂർ രജിസ്റ്ററിൽ 18.02.2017 മുതൽ ഈ തുക പഞ്ചായത്തിന് തിരിച്ച കിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ആയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. വനിതകൾക്കായി ഫുട് വേർ വ്യവസായസംരംഭം തുടങ്ങുന്നതിനായി കെ.എസ്.ഐ.ഡി.സി-യുടെ ഒരു ഏക്കർ സ്ഥലം ലീസിനെടുത്ത വകയിൽ ഇ.എം.ഡി-യായി കെ.എസ്.ഐ.ഡി.സി-ക്ക് 02.05.2012-ൽ നൽകിയ 1,90,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാനുള്ള മുൻകൂർ ആയി തെറ്റായി അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

13) മുൻകൂർ തുക കൃത്യമല്ല

വാർഷിക കണക്ക് പ്രകാരം

| മുൻബാക്കി | തൻവർഷം നൽകിയത് | ആകെ | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 3010887 | 2365314 | 5376201 | 8212204 | 2467083 |

മുൻകൂർ രജിസ്റ്റർ പ്രകാരം

| മുൻബാക്കി | തൻവർഷം നൽകിയത് | ആകെ | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 3010887 | 2450844 | 5461731 | 1189792 | 4271939 |

മുൻകൂർ നൽകിയതും ക്രമീകരിച്ചതും സംബന്ധിച്ച് വാർഷിക കണക്ക്,രജിസ്റ്റർ എന്നിവ തമ്മിലുള്ള പൊരുത്തമില്ല

മേൽ പരാമർശിച്ച അപാകതകൾ ചൂണ്ടിക്കാട്ടിയുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 21/2020-21തീയതി 17.08.2021) മറുപടി ലഭ്യമാക്കിയില്ല. വാർഷികകണക്കുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,51,10,968 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,61,20,173 |
| ആകെ | 13,12,31,141 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,62,17,784 |
| നീക്കിയിരിപ്പ് | 2,50,13,357 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 1,87,64,385 | 1,87,64,385 | 1,87,64,385 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,00,52,726 | 1,00,52,726 | 94,45,206 | 6,07,520 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 9,40,852 | 9,40,852 | 7,76,706 | 1,63,946 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | - | 62,95,000 | 62,95,000 | 62,95,000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 59,37,335 | 59,37,335 | 57,51,002 | 1,86,333 |
| സെൻട്രൽ | - | 1,79,19,752 | 1,79,19,752 | 1,08,80,058 | 70,39,694 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) (ACR പ്രകാരം) | - | 82,70,000 | 82,70,000 | 35,66,599 | 47,03,401 |
| എസ്.എസ്.എ | 73,240 | 2,920 | 76,160 | 0 | 76,160 |
| ഐ.സി.ഡി.എസ് | 35,91,716 | 13,61,163 | 49,52,879 | 30,81,837 | 18,71,042 |
| സാക്ഷരത | 29,806 | 743 | 30,549 | 0 | 30,549 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 6,11,41,318 | 2,35,84,786 |
| വികസനഫണ്ട് (എസ്.സി.പി) | 5,84,77,477 | 1,17,26,804 |
| വികസനഫണ്ട് (ടി.സി.പി) | 22,73,732 | 9,74,325 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 1,25,56,696 | 97,41,381 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 76,81,125 | 74,34,125 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്, ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 20,54,79,200 | 94 | 8,73,94,590 | 10 | 27 | 71.75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 7314

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 9573

100ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ :1244

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് :126582699

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| അവിദഗ്ദ വേതനം | 72199975 |
| അവിദഗ്ദ വേതനം | 7051647 |
| മെറ്റീരിയൽ തുക | 22078545 |
| ഭരണ ചെലവ് | 1316175 |
| | |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 436256 | 1675110 | 2111366 | 2081841 | 29525 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 79251622 | 79251622 | 79251622 | |

ഭരണസമിതിയുടെ 4/12/2019 തിയ്യതിലെ 15(2) നമ്പർ തീരുമാന പ്രകാരം 1021 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 311 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 19 |
| കിണർ | 3 |
| തൊഴുത്ത് | 22 |
| സോക്ക്പിറ്റ് | 3 |
| കോഴിക്കൂട് | 1 |
| ആട്ടിൻകൂട് | 5 |
| ഫാം പോണ്ട് | 1 |
| തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ | 2 |
| തോട് നവീകരണ പ്രവൃത്തികൾ | 20 |
| മണ്ണ് ജലസംരക്ഷണം | 156 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 79 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,160 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1,30,12,200 | 941 |
| വിധവാപെൻഷൻ | 2,41,43,500 | 1619 |
| വാർദ്ധക്യകാലപെൻഷൻ | 3,60,06,100 | 2897 |
| വികലാംഗപെൻഷൻ | 61,32,000 | 433 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,77,200 | 69 |
| വിവാഹ ധനസഹായം | 1,50,000 | 5 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ശാരദ, കോരൻകണ്ടി, കിനാലൂർ | വിധവ പെൻഷൻ | 01.07.2020 | 11.09.2020 |
| 2 | നഫീസ, മീത്തലെ പാത്ത്, വട്ടോളി ബസാർ | | 02.11.2020 | 18.01.2021 |
| 4 | ദേവി, പാറക്കുന്നത്ത്, കണ്ണാടിപൊയിൽ | കർഷകത്തൊഴിലാളി പെൻഷൻ | 12.10.2020 | 18.01.2021 |
| 5 | ശശി, മേലെപറമ്പത്ത്, പനങ്ങാട് | | 21.10.2020 | 18.01.2021 |
| 6 | ലീല, പുതുക്കുടി, പനങ്ങാട് | | 28.12.2020 | 14.05.2021 |
| 7 | തോമസ് ജോസഫ്, ഒറ്റപിലാക്കൽ, തലയാട് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 15.10.2020 | 18.01.2021 |
| 8 | ആയിഷ റിൻഷ, പുത്തൻപുരയിൽ, തലയാട് | | 27.10.2020 | 14.06.2021 |
| 9 | വസന്തകുമാരി.സി, ചെണ്ണിലേരി, വയലട | വാർദ്ധക്യകാല പെൻഷൻ | 06.07.2020 | 11.09.2020 |
| 10 | അബൂബക്കർ, നെല്ലിവീട്ടിൽ, കണ്ണാടിപ്പൊയിൽ | | 21.01.2021 | 14.05.2021 |
| 11 | രാമചന്ദ്രൻ.കെ.എം, കുണ്ടുള്ളമാനപുരത്ത്, കിനാലൂർ | | 22.01.2021 | 14.05.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 06-08-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,694 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. തപാലുകൾ സൂചിക മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കെട്ടിട നമ്പറുകൾ ലഭിക്കുന്നതിനായി ഉടമസ്ഥർ അപേക്ഷ സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ, ന്യൂ ബിൽഡിങ് രജിസ്റ്റർ സഞ്ചയ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടമുടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | അനുവദിക്കപ്പെട്ട കെട്ടിട നമ്പറുകൾ | നികുതി ഈടാക്കിയ തറ വിസ്തീർണം ( ച.മി) | ബാധകമാക്കിയ നികുതി നിരക്ക്) | നികുതി ഈടാക്കാൻ ബാക്കിയുള്ള തറ വിസ്തീർണം |
|---|---|---|---|---|---|
| അഹമ്മദ് സുഹൈൽ, ദാറുൽ ഹന്ന, വട്ടോളിബസാർ, | 716.39 | 11/445A മുതൽ S വരെ | 682.94 | 50 | 33.45 |

ഈ കെട്ടിടത്തിന്റെ തറ വിസ്തീർണം (Plinth Area) 716.39 ആയാണ് കംപ്ലീഷൻ പ്ലാനിൽരേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 682.94 ച.മി യുടെ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 33.45 ച.മി ക്ക് നികുതി കണക്കാക്കിയിട്ടില്ല.

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 40/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻ വർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ ,സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക(ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്ന് കാണുന്നു. നികുതി ദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 7/141 B മുതൽ J വരെ<br>റജീന ഖാലിദ്,<br>കുറ്റിയുള്ളതിൽ, നടുവണ്ണൂർ,<br>കാവിൽ, | 3 | 40 |
| 9/270 Mമുതൽ N വരെ<br>ജൈഫർ പി പി,<br>മൈലാടിവട്ടത്ത്, കിനാലൂർ,<br>673612 | | |
| 5/505 Fമുതൽ H വരെ<br>അബ്ദുൾസലിം,<br>കരിമ്പാക്കണ്ടി, തലയാട്,<br>673574 | | |
| 54/233 H മുതൽ K വരെ<br>ഇബ്രാഹിം P T,<br>പൊന്നംതോറമ്മൽ,<br>തലയാട്, 673574, | | |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. തനത് വരുമാനം നഷ്ടമാക്കുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും വിശദീകരണവും പ്രതീക്ഷിക്കുന്നു.

1-12 തൊഴിൽ നികുതി-അപാകതകൾ

I)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. പനങ്ങാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) തലയാട് ക്ഷീരോത്പാദന സഹകരണ സംഘം

2) പനങ്ങാട് കോപ്പറേറ്റീവ് അർബൻ സൊസൈറ്റി ലിമിറ്റഡ്

3) ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്, കിനാലൂർ ശാഖ

4) ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസസ്

5) ശിഫ സ്പെഷ്യാലിറ്റി ക്ലീനിക്, തലയാട്

6) കാലിക്കറ്റ് ഗ്ലാസ് ഹൗസ്

7) മാംഗോസ് ഫൂട് വെയർ

8) കൃഷ്ണ ഓയിൽ മിൽ

Ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

പനങ്ങാട് ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 7/164,165 | കിനാലൂർ ക്ലീനിക് & ലാബ് | 3 |
| 2 | 13/276 | ഹോട്ടൽ താജ് മഹൽ | 8 |
| 3 | 9/270 K | എ.ആർ.എസ് അസോസിയേറ്റ്സ് | 4 |
| 4 | 10/143 A | വിഘ്നേശ്വര മെറ്റൽ ഇൻഡസ്ട്രിയൽ | 2 |
| 5 | 11/193 | എ.കെ.ഇൻഡസ്ട്രീസ് | 2 |
| 6 | 15/280 B | ലീഡ് ഇന്റീരിയേർസ് | 4 |
| 7 | 1/511 | ടി.സി.ഇൻഡസ്ട്രിയൽ | 3 |
| 8 | 9/270 D | ജാസ് ട്രേഡിംഗ് | 4 |
| 9 | 7/191 | ന്യൂ പ്ലാസ റെസ്റ്റോറന്റ് | 3 |
| 10 | 13/803 | കൂൾവെൽ ഐസ് പ്ലാന്റ് | 3 |
| | | | |

| | | | |
|---|---|---|---|
| 11 | 12/431 B,C | അമരാപുരി സൂപ്പർമാർക്കറ്റ് | 3 |
| 12 | 13/891 | എസ്.ജെ.വി മെഡിക്കൽസ് | 2 |
| 13 | 13/977,978 | വീ വൺ സൂപ്പർമാർക്കറ്റ് | 4 |
| 14 | 13/265 | കെ.സി.റെസ്റ്റോറന്റ് | 3 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2386 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളില്ല. അതായത് 2386 കെട്ടിടങ്ങൾ നിലവിൽ വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടാത്താവുന്നവയാണ്. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 689 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 849 ആണ്. അതായത് അവശേഷിക്കുന്ന 1537 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/20-21 തീ-18.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>1-13 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2020-21 വർഷത്തിൽ പനങ്ങാട് ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 689 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2020 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 380 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.21 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2386 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 689 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ് . പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

**1-14 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 523605 |
| സാനിറ്റേഷൻ | 41201 |
| ആകെ | 564806 |

സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-15 രശീത് സൂക്ഷിപ്പിലെ അപാകതകൾ

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 15.03.2021 | 120040106048 | 1461456 |
| 15.03.2021 | 120040106049 | 1461457 |
| 19.03.2021 | 120040106199 | 1461622 |
| 29.03.2021 | 120040106458 | 1461892 |
| 29.03.2021 | 120040106459 | 1461893 |
| 29.03.2021 | 120040106460 | 1461894 |
| 29.03.2021 | 120040106461 | 1461895 |
| 29.03.2021 | 120040106462 | 1461896 |
| 29.03.2021 | 120040106463 | 1461897 |
| 29.03.2021 | 120040106464 | 1461898 |
| 29.03.2021 | 120040106465 | 1461899 |
| 29.03.2021 | 120040106466 | 1461900 |
| 29.03.2021 | 120040106467 | 1461901 |

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ മാന്വൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 2801 | രശീതി നം. 84 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം |

| | |
|---|---|
| | വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2804 | രശീതി നം. 45 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2810 | രശീതി നം. 37 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ച് റോഡ് പണി നടത്തുന്നു

2020-21 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് മാത്രം ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് (രൂ.) |
|---|---|---|
| 1 | ഏഴുകണ്ടി-മായാടി റോഡ് | 468682 |
| 2 | കെ.ആർ.സി തച്ചംപൊയിൽ റോഡ് | 485346 |
| 3 | കെ.ആർ.സി തച്ചംപൊയിൽ-ആര്യൻകുന്നത്ത് റോഡ് | 346338 |
| 4 | അമരാപുരി-തെക്കെ വളപ്പിൽ റോഡ് | 448950 |
| 5 | 26-ാംമൈൽ ചുതത്തോട് റോഡ് | 1907784 |
| | ആകെ | 3657100 |

2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 4703401/- രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാതെ സ്ഥാപനം നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കെ, 36 ലക്ഷത്തിൽപ്പരം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് റോഡ് പ്രവൃത്തികൾ നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് നം.13/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-17 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത 79 പ്രവൃത്തികളിൽ 33 എണ്ണത്തിന് ആരും തന്നെ ടെണ്ടർ സമർപ്പിച്ചിട്ടില്ല. 14 എണ്ണത്തിന് ഒരാൾ വിതം മാത്രമാണ് ടെണ്ടർ സമര്പ്പിച്ചത്. 32 എണ്ണത്തിന് രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി

സമയോജിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. അന്വേഷണക്കുറിപ്പ് നം.12/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ന്യൂനതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-18 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല**

2020-21 സാമ്പത്തിക വർഷം വരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് നം.6/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

**1-19 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല**

2020-21 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കരിമ്പിൻതരി മേലേ കരിമ്പിൻതരി റോഡ് ' എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 6 മാസമാണ്. എഗ്രിമെന്റ് നം.23/01.09.2018 പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ടത് 01.03.2019- ൽ ആണ്. എന്നാൽ അളവ് പുസ്തകം 126/17-18 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 09.02.2020 ൽ ആണ്. ബിൽ നമ്പർ 21/11.11.2020 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | അധിക കാലാവധിയുടെ 20% കിഴിച്ചശേഷമുള്ള അധിക കാലയളവ് (06.04.19 മുതൽ 19.02.2020 വരെ) | കരാർ തുക (രൂ.) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 01.03.2019 | 19.02.2020 | 319 ദിവസം | 543105 | 6.4.19 മുതൽ 5.7.19 വരെ - 543105 X 1% = 5431 രൂപ<br>6.7.19 മുതൽ 5.10.19 വരെ - 543105 X 2% = 10862 രൂപ<br>ആകെ = 16293 |

2012 -ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രാകരം പരമാവധി നീട്ടിക്കൊടുക്കാവുന്ന കാലയളവ് പ്രവൃത്തിക്ക് അനുവദിച്ച കാലയളവിന്റെ 50% ശതമാനത്തിൽ അധികരിക്കാൻ വാടില്ലാത്തതാണ്. അന്വേഷണക്കുറിപ്പ് നം.20/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-20 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു</u>

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്തു/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത്.

| പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാ- വുന്ന പിഴ |
|---|---|---|---|---|---|
| 140/20-21 ഒരങ്കോകുന്ന് കോളനി റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 371981 രൂപ | 3720 രൂപ |
| 149/20-21 കല്ലിടുക്കിൽ ആലം നോക്കു വയൽ റോഡ് | ബിജു.എം | 03.08.19 | 17.08.19 | 22.08.19 379506 രൂപ | 3795 രൂപ |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ

കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അന്വേഷണക്കുറിപ്പ് നം.19/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-21 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്. അന്വേഷണക്കുറിപ്പ് നം.5/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-22 കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി എസ് ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് 2% ജി എസ് ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൻവോയിസുകൾ ഇല്ലാതെ തന്നെ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. 2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറയിക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് നം.07/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-23 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 17-ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത്

പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈ) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26-ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ പനങ്ങാട് ഗ്രാമപഞ്ചായത്ത് 2020-21ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ആണ് ബോർഡിൽ ഉൾപ്പെടുത്തേണ്ടത്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറുടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമപഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9.ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

അന്വേഷണക്കുറിപ്പ് നം.10/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടാത്തതിന് വിശദീകരണം ആവശ്യമാണ്.

## 1-24 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി.എസ്.ടി പരിഹാര തുക ഒരിക്കൽ ഉൾപ്പടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി.എസ്.റ്റി-യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.
26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.
ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ

നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്ഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണ്. ഓവർ ഹെഡ്ഡ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്റ്റുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്റ്റ് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്ഡ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവർത്തികൾക്ക് അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. അന്വേഷണക്കുറിപ്പ് നം.8/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## <u>1-25 റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ടു ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ഇല്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

അന്വേഷണക്കുറിപ്പ് നം.11/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ, വാങ്ങലിന്റെ ആധികാരികത എങ്ങനെ ഉറപ്പാക്കിയെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-26 2020-21സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.
3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
4. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.
5. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

അന്വേഷണക്കുറിപ്പ് നം.4/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 ഗ്രാമദീപം പദ്ധതി -തുടർപരിപാലനം ഉറപ്പുവരുത്തണം

| | |
|---|---|
| പദ്ധതിയുടെ പേര് | ഗ്രാമദീപം (164/2020-21) |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-7,00,000/-<br>തനത് ഫണ്ട്-4,000/- |
| ബിൽനം | 27/2020-21-6,98,500/-<br>തീയതി 02.02.2021 |

പഞ്ചായത്തിലെ മുഴുവൻ ഇടവഴികളിലും വെളിച്ചമെത്തിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ വീടുകളിൽ നിന്നും വൈദ്യുതി സ്വീകരിച്ച് തെരുവ് വിളക്കുകൾ തെളിയിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. ആയതിലേക്കായി 2020-21 കാലയളവിൽ 20 W- ന്റെ 127 എൽ.ഇ.ഡി (ഓട്ടോ ON/Off) തെരുവ് വിളക്കുകൾ പോളുകൾ സഹിതം കെൽട്രോൺ മുഖാന്തിരം സ്ഥാപിച്ച വകയിൽ 6,89,500/- രൂപ ചെലവഴിച്ചു. (2018-19 വർഷവും 127 എണ്ണം സ്ഥാപിച്ചിട്ടുണ്ട്). ഇവയ്ക്ക് കെൽട്രോൺ 2 വർഷ വാറണ്ടി നൽകുന്നുണ്ട്. തുടർന്നുള്ള പരിപാലനം സ്വയം നടത്തികൊള്ളാമെന്ന് ഗുണഭോക്താക്കളിൽ നിന്ന് സമ്മതപത്രം വാങ്ങിയിട്ടുണ്ട്. മാതൃകാപരമായ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിൽ അധികൃതർ അഭിനന്ദനം അർഹിക്കുന്നുണ്ട്. എന്നാൽ അതോടൊപ്പം ഈ തെരുവ് വിളക്കുകളുടെ പരിപാലനം ഭാവിയിൽ പഞ്ചായത്തിന് ബാധ്യതകളൊന്നും വരുത്തുകയില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ബിൽ പ്രകാരമുള്ള സൗണ്ട് സിസ്റ്റം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ | പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ സൗണ്ട് സിസ്റ്റം |

| | |
|---|---|
| പേര് | ഒരുക്കൽ (171/2020-21) |
| അടങ്കൽ | തനത് ഫണ്ട്-195000/- |
| ബിൽനം | 11/2020-21-160400/-തീയതി 11.11.2020 |

പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ സൗണ്ട് സിസ്റ്റം ഒരുക്കൽ പദ്ധതിയിൽ അനോൺ സിസ്റ്റംസ് & സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും സൗണ്ട് സിസ്റ്റം വാങ്ങി (ഇൻവോയ്സ് നം.ASS/19-20/055 തീയതി 02.11.2020). സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സിലെ ക്രമനം. 3 പ്രകാരം അഹ്ബുജയുടെ CMC 5100 മോഡൽ കോൺഫറൻസ് ഡെലിഗേറ്റ് യൂണിറ്റുകൾ 13 എണ്ണം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിച്ചതായി ടൂൾസ് & പ്ലാന്റ്സ് & ഓഫീസ് ഫർണ്ണിച്ചർ രജിസ്റ്ററിലെ പേജ് നമ്പർ 92 -ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അഹ്ബുജയുടെ CMD- 5200 എന്ന മോഡൽ കോൺഫറൻസ് ഡെലിഗേറ്റ് യൂണിറ്റുകളാണ് പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് നേരിട്ടുള്ള പരിശോധനയിൽ കണ്ടു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 23/2020-21 തീയതി 17.08.2021) മറുപടി ലഭ്യമാക്കിയില്ല.

ഇന്റർനെറ്റ് മുഖേന ചില ഓൺലൈൻ സൈറ്റുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് ലഭിച്ച അഹ്ബുജയുടെ CMD- 5200 മോഡൽ കോൺഫറൻസ് ഡെലിഗേറ്റ് യൂണിറ്റിന് ഒരെണ്ണത്തിന് ബിൽ പ്രകാരം ലഭ്യമാക്കേണ്ട അഹ്ബുജയുടെ CMC 5100 മോഡൽ കോൺഫറൻസ് ഡെലിഗേറ്റ് യൂണിറ്റിനെ അപേക്ഷിച്ച് നിലവിൽ 1000/- രൂപയിലധികം വിലകുറവാണ്. ഇൻവോയ്സ് പ്രകാരമുള്ള ഉപകരണമാണ് ലഭിച്ചതെന്ന് ഉറപ്പുവരുത്താതെ തുക നൽകുകയാണ് ചെയ്തത്. ആയതിനാൽ പഞ്ചായത്തിന് ചെലവഴിച്ച തുകക്കനുസരിച്ചുള്ള സാങ്കേതിക മികവുള്ള ഉപകരണങ്ങൾ ലഭിച്ചിരിക്കില്ല. ഇക്കാര്യത്തിൽ ഒരു പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ്.

<u>1-29 ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല</u>

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് |
| പ്രൊജക്റ്റ് നമ്പർ | 30/2020-21 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-1655500/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് -824499/-<br>തനത് ഫണ്ട് -24849/- |
| ബിൽനം | 08/2020-21-70,000/-തീയതി 26.08.2020 |
| | 10/2019-20-2,49,200/- തീയതി 15.09.2020 |
| | 13/2020-21-52,500/-തീയതി 15.10.2020 |
| | 22/2020-21-4,97,000/-തീയതി 20.02.2021 |
| | 23/2020-21-36000/-തീയതി 20.02.2021 |
| | 184/2020-21-24849/- തീയതി 30.10.2020 |
| ആകെ | 929549/- |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് |
| പ്രൊജക്റ്റ് നമ്പർ | 160/2020-21 |
| അടങ്കൽ | വികസനഫണ്ട് ജനറൽ-15,069/-<br>ധനകാര്യകമ്മീഷൻ അവാർഡ്-8,73,682/-<br>തനത് ഫണ്ട്-5,50,431/- |

| | |
|---|---|
| ബിൽനം | 02/2020-21-2,53,500/-തീയതി 08.05.2020 |
| | 5/2020-21-50,000/- തീയതി 24.07.2020 |
| ആകെ | 3,03,500/-(ധനകാര്യകമ്മീഷൻ അവാർഡ്) |

നവകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യസംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പനങ്ങാട് പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം, മാലിന്യം സംസ്കരണകേന്ദ്രത്തിൽ എത്തിക്കുക,ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുക, പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 -ൽ ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് എന്ന പേരിൽ 30/2020 -21, 160/2020-21 എന്നീ പ്രോജക്ടുകൾ രൂപീകരിച്ചു. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) പ്രൊജക്റ്റ് നമ്പർ 30/2020-21 -ൽ ഉൾപ്പെടുത്തി 2020-21 വർഷം 4,97,000/- രൂപ മുടക്കി കോലാർമിൽസ് സ്റ്റോർസ് ,മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.B2C/10976 തീയതി 29.102020) പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്താത്തതിനാൽ യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

2013 ജലായ് മാസം പഞ്ചായത്തും കേരളസംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം കിനാലൂർ വില്ലേജിലെ സർവ്വേനം.95/1 -ൽ ഉൾപ്പെടുന്ന ഒരു ഏക്കർ സ്ഥലം വനിതകൾക്കു വേണ്ടി, ചെരുപ്പ് നിർമ്മിക്കുന്നതിനുള്ള മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പണിയുന്നതിനു വേണ്ടിയുള്ളതാണ്. മേൽ കരാറിലെ 9ാം നമ്പർ വ്യവസ്ഥ പ്രകാരം ചെരുപ്പ് നിർമ്മാണ യൂണിറ്റല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ആ സ്ഥലത്ത് നടത്താൻ പാടില്ലാത്തതാണ്. നിലവിൽ ഈ സ്ഥത്ത്, ചെരുപ്പ് നിർമ്മിക്കുന്നതിനുള്ള ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന് സമീപത്ത് എം.സി.എഫ്, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിരിക്കുകയാണ്. നിലവിൽ അവ പ്രവർത്തനക്ഷമമല്ലാത്തിനാലും പ്ലാസ്റ്റിക്ക് മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറാത്തതിനാലും അവിടെ പ്ലാസ്റ്റിക്ക് മാലിന്യം ചാക്കിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. കെ.എസ്.ഐ.ഡിയുടെ അനുമതിയില്ലാതെ എം.സി.എഫ്, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ അവിടെ സ്ഥാപിക്കുന്നത് നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുവാനും പഞ്ചായത്തിന് അവ അവിടെ നിന്ന് മാറ്റി സ്ഥാപിക്കേണ്ടി വരാനും സാധ്യതയുണ്ട്.

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിനായി തയ്യാറാക്കിയ ടെണ്ടർ ഡോക്യുമെന്റ് പ്രകാരം പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ കപ്പാസിറ്റി 8 മണിക്കൂറിൽ 1000 കിലോഗ്രാം പ്ലാസ്റ്റിക്ക് പൊടിക്കണമെന്നുള്ളതാണ്. കൂടാതെ മോട്ടോറിന്റെ കപ്പാസിറ്റി-15-20 എച്ച്.പി-യുമാണ്. എന്നാൽ കോലാർമിൽസ് സ്റ്റോർസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ഉപകരണം സ്റ്റോക്കിലെടുത്തിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കിയില്ല.

2) മേൽ പദ്ധതികളിലായി 2,99,200/- രൂപ മുടക്കി (ബിൽനം.10,5 എന്നിവ പ്രകാരം) കല്ലൻകി പ്രൊജക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.20-21/18 തീയതി 01.07.2020) 136 പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തതിന്റെയും എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഓഫീസിന് മുമ്പിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റിൽ തന്നെ പ്ലാസ്റ്റിക്ക് ബോട്ടിലിന്റെ കൂടെ പ്ലാസ്റ്റിക്ക് കവറുകളും നിക്ഷേപിച്ചതായി കണ്ടു. കൃത്യമായ രീതിയിലല്ല അജൈവമാലിന്യം

ശേഖരിക്കുന്നതെന്നും മാലിന്യശേഖരണം, സംസ്കരണം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ കൃത്യമായ അവബോധം ഇല്ലായെന്നുമാണ് ഇത് കാണിക്കുന്നത്.

3)പ്രൊജക്ട് നം.30/202-21 -ൽ നിന്ന് 24,849/- രൂപ ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ ( KL-76-8233) ഇന്ധന ചെലവിനായി വിനിയോഗിച്ചിട്ടുണ്ട് (11/2019 മുതൽ 07/2020 കാലയളവിലേയ്ക്കായി). ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യസംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധനചെലവ് അവർ സ്വയം വഹിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു.

4) പ്രൊജക്ട് നം.160/202-21 -ൽ നിന്ന് 2,53,500/- രൂപ മുടക്കി 3000 സെറാമിക് പ്ലേറ്റ്, ഗ്ലാസ്സുകൾ തുടങ്ങിയവ വാങ്ങുകയും (ഇൻവോയ്സ് നം. 154 തീയതി 10.02.2020 -റാണി മെറ്റൽ സ്റ്റോർസ്, കോഴിക്കോട്) ആയത് വിവിധ പരിപാടികൾക്ക് നിശ്ചിത വാടകയ്ക്ക് നൽകി ഉപയോഗപ്പെടുത്തുന്നതിന് സി.ഡി.എസ്സ്-ന് 11.03.2020 -ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിൽ നിന്നുള്ള വരവ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരവും ലഭ്യമാക്കിയില്ല. സി.ഡി.എസ് ഓഫീസിൽ നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതിയിൽ വാങ്ങിയ ഗ്ലാസ്സ്, പ്ലേറ്റ് തുടങ്ങിയവ പെട്ടിപോലും പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പ്രകാരമുള്ള ഗ്രീൻപ്രോട്ടോക്കോൾ പ്രകാരം പൊതു ചടങ്ങുകൾക്ക് കഴുകി ഉപയോഗിക്കുന്ന പാത്രങ്ങളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിക്കുന്നതിലേയ്ക്കായുള്ള മൂലധനം ഹരിതകർമ്മസേനയുടെ സ്വാഭാവിക മൂലധനത്തിൽ നിന്നോ ലോൺ മുഖേനയോ സംഘടിപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നിരാകരിക്കുന്നു.

5) 2020-21 വർഷം ഹരിതകർമ്മസേന എത്ര തുക യൂസർഫീ ഇനത്തിൽ പിരിച്ചെടുത്തു. എത്ര തുക പ്രവർത്തനത്തിനായി ചെലവഴിച്ചു. കളക്ഷൻ രജിസ്റ്റർ, രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, ചെലവ് രേഖകൾ ഹാജരാക്കിയില്ല.

6) കൂടാതെ താഴെ കാണിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

1. ഹരിതകർമ്മസേനയ്ക്ക് മാലിന്യസംസ്കരണത്തിന് ആവശ്യമായ പരിശീലനം നിറവ് നൽകിയിട്ടുണ്ടോ, ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി മികച്ച വരുമാനത്തിലേക്ക് ഉയർത്താൻ ആവശ്യമായ അധിക വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള പരിശീലനം കൺസൾട്ടിംഗ് എജൻസിയായ നിറവ് നടപ്പിലാക്കിയിട്ടുണ്ടോ. ആയതിന്റെ ഫലമായി വരുമാനവർദ്ധനവുണ്ടായിട്ടുണ്ടോ
2. 2020-21 കാലയളവിൽ 7 ഹരിതകർമ്മസേന പ്രവർത്തകർക്കാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയിട്ടുള്ളത്. ഈയിനത്തിൽ യൂസർഫീ വരവിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്.
3. എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്.
4. 2020-21 കാലയളവിൽ എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേന അജൈവമാലിന്യശേഖരണം നടത്തിയിട്ടുണ്ട്.
5. 2020-21 കാലയളവിൽ ശേഖരിച്ച അജൈവമാലിന്യം ക്ലീൻ കേരളമിഷന് കൈമാറുന്നതിന് കരാറിലേർപ്പെട്ടിരുന്നോ. കിനാലൂർ എസ്റ്റേറ്റിലെ ലീസിനെടുത്ത സ്ഥലത്ത് പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിൽ കൂട്ടിയിട്ടിരിക്കുന്നതായി നേരിൽ കണ്ടു. മാലിന്യം കൃത്യമായ ഇടവേളകളിൽ കൈമാറിയിരുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

6. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് എത്ര നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.
7. റീസൈക്ലിനിംഗിനായി കൈമാറ്റം ചെയ്യപ്പെട്ട അജൈവ മാലിന്യത്തിന്റെ അളവ് ഓരോ പാദവർഷത്തിലും കുറവ് വന്നിട്ടുണ്ടോ.
8. എത്രയിടങ്ങളിൽ ജൈവമാലിന്യങ്ങളിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി നടത്തിയിട്ടുണ്ട്.
9. 2020-21 വർഷത്തെ ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ

മേൽ പരാമർശിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22/2020-21 തീയതി 17.08.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിന് ചെലവഴിച്ച 24,849/- രൂപയും, ഗ്ലാസ്സ്, പ്ലേറ്റ് എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച തുക 2,53,500/- രൂപയും അടക്കം 2,78,349/- രൂപ നിരാകരിക്കുന്നു.

2019-20 -ൽ എം.സി.എഫും 2020-21 -ൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാകാത്തതിനാൽ അവ പ്രവർത്തനക്ഷമമല്ല. പ്ലാസ്റ്റിക്ക് മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറാത്തതിനാൽ എം.സി.എഫ്-ന്റെ പരിസരത്ത് പ്ലാസ്റ്റിക്ക് മാലിന്യം ചാക്കിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ആയതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ലഭ്യക്കാത്തതിനാലും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച തുക 9,54,700/- രൂപ (നിരാകരിച്ച തുക കഴിച്ചുള്ളത്) തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 വിതരണം ചെയ്യാത്ത കുടിവെള്ളത്തിന് തുക അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | വരൾച്ച കുടിവെള്ള വിതരണം (13/2020-21/2020-21) |
| അടങ്കൽ | തനത് ഫണ്ട്-500000/- |
| ബിൽനം | 2/2020-21- തീയതി 22.05.2020-200000/-<br>4/2020-21-തീയതി 06.07.2020-261448/- |
| ആകെ | 461448/- |

പദ്ധതിയിൽ 25.04.2020 മുതൽ 01.06.2020 കുടിവെള്ളം വിതരണം 4,61,448/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കുടിവെള്ള വിതരണത്തിന് കരാർ എടുത്ത ശ്രീ.സഹീർഷ നൽകിയ അപേക്ഷ പരിഗണിച്ച് 25.04.2020 മുതൽ 28.04.2020 വരെ 175200 ലിറ്റർ വെള്ളം നേരിട്ട് വിതരണം ചെയ്ത വകയിൽ (കേരള വാട്ടർ അതോറിറ്റിയിൽ നിന്നല്ലാതെ ലഭിച്ച ജലം) ലിറ്ററിന് 29 പൈസ നിരക്കിൽ 50,808/- രൂപനൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.494/2020/ത.സ്വ.ഭ.വ തീയതി 27.02.2020 പ്രകാരവും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി 24.04.2020-ന് പഞ്ചായത്ത് സെക്രട്ടറി ഒപ്പുവെച്ച

കരാർ പ്രകാരവും ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിലെ കുടിവെള്ള വിതരണം നടത്താവൂ. മാത്രവുമല്ല ജി.പി.എസ് ലോഗും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റും ക്രോസ്സ് ചെയ്ത് സുതാര്യത/കൃത്യത ഉറപ്പു വരുത്തിയേ കരാറുകാരന് തുക നൽകാവൂ. പ്രസിഡന്റ് ഉൾപ്പെടെയുള്ള മോണിറ്ററിംഗ് കമ്മിറ്റി ഒപ്പുവെച്ച മോണിറ്ററിംഗ് റിപ്പോർട്ടിലും പഞ്ചായത്തിൽ 29.04.2020 മുതൽ 01.06.2020 വരെ മാത്രമേ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളൂവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എവിടെ നിന്നാണ് 25.04.2020 മുതൽ 28.04.2020 വരെ വെള്ളം ലഭ്യമായത്, ഏതൊക്കെ വാർഡുകളിൽ വിതരണം ചെയ്തു, കരാർ പ്രകാരം സി.ഡബ്ല്യു.ആർ.ഡി.എം./ കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഗുണനിലവാര പരിശോധന റിപ്പോർട്ട് എന്നിവയും ഫയലിൽ ലഭ്യമല്ല.ആയതിനാൽ 25.04.2020 മുതൽ 28.04.2020 വരെ 1,75,200 ലിറ്റർ വെള്ളം നേരിട്ട് വിതരണം ചെയ്തുവെന്ന് കാണിച്ച് തുക അനുവദിച്ചത് ശരിയല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (25/2020-21 തീയതി 18.08.2021) മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ ചെലവഴിച്ച 50,808/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-31 എം.സി.എഫ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം 1490000/-രൂ (1000000/- രൂ. സംസ്ഥാനാവിഷ്കൃത ഫണ്ട്; 490000/- രൂ തനത് ഫണ്ട്) അടങ്കലായി 'എം.സി.എഫ് നിർമ്മാണം' (പ്രോജക്ട് നം. 212/19-20) എന്ന പദ്ധതി ആവിഷ്കരിച്ച് 1307210/- രൂ ചെലവിൽ എം.സി.എഫിനായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത് പഞ്ചായത്ത് ലീസിനെടുത്ത കിനലൂർ കെ.എസ്.ഐ.ഡി.സി കോമ്പൗണ്ടിൽ ആണ്. അളവ് പുസ്തകം 115/17-18; 263/17-18 എന്നിവ പ്രകാരം 12.02.2020 പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. എന്നാൽ തൻവർഷം കെട്ടിടത്തിൽ ജല ലഭ്യത ഉറപ്പാക്കാനോ, വൈദ്യുതീകരണത്തിനോ ഉള്ള യാതൊരു പ്രവൃത്തികളും നടത്തിയിട്ടില്ല. തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിൽ 'എം.സി.എഫ് ഇലക്ട്രിഫിക്കേഷൻ' എന്ന പേരിൽ പ്രോജക്ട് നം.231/20-21 ആയി 200000/-രൂ അടങ്കലിൽ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇത് പരാമർശിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നം.3/13.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയ്ക്കായി 2019-20-ൽ 1307210/- ചെലവഴിച്ചിട്ടും കേന്ദ്രം പ്രവർത്തനക്ഷമമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യമാണ്.

### 1-32 സി.എഫ്.എൽ തെരുവ് വിളക്കുകൾ ഭൂരിഭാഗവും എൽ.ഇ.ഡി വിളക്കുകളാക്കി മാറ്റിയിട്ടും വൈദ്യുതിക്കരത്തിൽ കുറവില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കേടായ തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ (155/2020-21) |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-900000/ |
| ബിൽനം | 09/2020-21-900000/-തീയതി 11.05.2020 |

പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിലെ 250 എണ്ണം സി.എഫ്.എൽ തെരുവ് വിളക്കുകൾക്ക് പകരം 24 W-ന്റെ എൽ.ഇ.ഡി ബൾബുകൾ ഡിസംബർ 2019-ൽ മാറ്റി സ്ഥാപിച്ചു. വിളക്കുകൾ എൽ.ഇ.ഡി ബൾബുകളാക്കി മാറ്റിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ നിലവിൽ 536 സി.എഫ്.എൽ തെരുവ് വിളക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (ഉണ്ണികുളം ഇലക്ട്രിക്കൽ സെക്ഷൻ പരിധി-158, കൂട്ടാലിട-64, ബാലുശ്ശേരി-314) 2018-19 -ൽ ( പ്രൊജക്ട് നം. 11/2018-19-) 225 എണ്ണം സി.എഫ്.എൽ തെരുവ് വിളക്കുകൾ മാറ്റി പകരം 24 W-ന്റെ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂരിഭാഗം ബൾബുകളും ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി ആക്കി മാറ്റിയിട്ടും തുടർന്നങ്ങോട്ട് വൈദ്യുതി ചാർജ്ജ് നിരക്കിൽ

ഒരു കുറവും വന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 26/2020-21 തീയതി 18.08.2021) മറുപടി ലഭ്യമാക്കിയില്ല.

ഊർജ്ജ ഉപയോഗം കൂടിയ സി.എഫ്.എൽ തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ച വിവരം കെ.എസ്.ഇ.ബി-യെ അറിയിച്ചതായി ഫയലിൽ കാണുന്നില്ല. ആയതിനാൽ ഇക്കാര്യം കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ച് വൈദ്യുതികരം ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട കുറവ് നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 (എസ് സി)- മെറിറ്റോറിയസ് സ്കോളർ ഷിപ്പ് -രേഖകൾ ഹാജരാക്കാത്തത് -സംബന്ധിച്ച്

പ്രൊജക്റ്റ് നം – 64/2020-21

അടങ്കൽ 550000/- )

ചെലവു തുക 540000/- (എസ് സി പി 178329/-,)

ബിൽ നം --തിയതി .12-2-2021 തുക 235000

ബിൽ നം --തിയതി .27-02-2021 തുക 305000

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന മെറിറ്റോറിയസ് സ്കോളർ ഷിപ്പിന്റെ ഫയലുകൾ/അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | സ്കോളർ ഷിപ്പ് തുക | റിമാർക്സ് |
|---|---|---|---|
| 1 | അർച്ചന സുതൻ | 20000 | സ്ഥാപനത്തിൽ നിന്നുമുള്ള കോഴ്സ് സർട്ടിഫിക്കേറ്റ് ഹാജറാക്കിയിട്ടില്ല |
| 2 | അശ്വതി ശശീന്ദ്രൻ | 20000 | |

സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് അപേക്ഷകർ വിദ്യാർത്ഥികളാണോയെന്ന് ഉറപ്പാക്കുന്നത്. കൂടാതെ സ്കോളർഷിപ്പ് തുക വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ്, അത് കൊണ്ട് തന്നെ സ്കോളർ ഷിപ്പ് തുക നിശ്ചയിക്കുന്നതിനും ഇത് ആവശ്യമാണ്. സ്ഥാപനത്തിൽ നിന്നുമുള്ള കോഴ്സ് സർട്ടിഫിക്കേറ്റ് ഹാജരാക്കാതെ സ്കോളർ ഷിപ്പ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-34 പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് ലാപ്ടോപ്പ് നൽകിയത്- അപാകതകൾ

പദ്ധതി നം 138 (സ്പിൽ ഓവർ)

അടങ്കൽ 612981 ചെലവ് 590278

ബിൽ നം 873 തുക 590278 തിയതി 14/05/2020 (KERALASTATE I T MISSION)

1)ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ട 26 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തി

| ക്രമ നംം | വിദ്യാർഥിയുടെ പേര് | റിമാർക്സ് |
|---|---|---|
| 1 | അനുഗ്രഹ പി | ബാലുശ്ശേരി കോ-ഓപ് ആർട്സ് & |

| | | |
|---|---|---|
| | രാജ് | സയൻസ് കോളേജ് |
| 2 | അഖില പിഎം | വിദ്യാർത്ഥിനികൾ-പാരലൽ കോളേജ് വിദ്യാർത്ഥികൾ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ഹാജരാക്കേണ്ടതാണ്- ഇത് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല |
| 3 | ആതിരബാബു | എസ് സി വകുപ്പിൽ നിന്നും ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4 | അന ആനന്ദ് | |
| 5 | ഉണ്ണിമായ | |

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്

2) 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പദ്ധതിനം 24/2020) നടപ്പാക്കിയ പദ്ധതിയായിരുന്ന ഇത്. പദ്ധതി സ്പിൽ ഓവർ ആയി മാറി, 14/05/2020ന് കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക ട്രാൻസ്ഫർ ചെയ്തുവെങ്കിലും 2020 ഓക്ടോബർ മാസത്തിലാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്. ആയത് കൊണ്ട് പല വിദ്യാർത്ഥികൾക്കും അവർ പഠനം പൂർത്തിയാക്കിയതിന് ശേഷമാണ് ലാപ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത്. ഇത് പദ്ധതി നിർവഹണത്തിലെ പാളിച്ചയാണ് കാണിക്കുന്നത്, വിശദീകരണം നൽകേണ്ടതാണ്.

<u>1-35 ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല</u>

പ്രൊജക്ട് നമ്പർ 19/20-21 പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദം) ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 15,00,000/- രൂപ ഔഷധിക്ക് 17/08/2020 ന് നൽകിയിട്ടുണ്ട്.

എന്നാൽ 1 വർഷം കഴിഞ്ഞിട്ടും മുഴുവൻ മരുന്നുകളും ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല. ബാക്കി ലഭിക്കാനുള്ള 21,970/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 21,970/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

<u>1-36 ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ</u>

1. പ്രോജക്ട് നം.58/19-20 – വനിത ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - സംയുക്ത പ്രോജക്ട്

അടങ്കൽ : രൂ.650000/- (രൂ.400000/- വികസന ഫണ്ട്; രൂ.250000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് : രൂ.650000/- (രൂ.400000/- വികസന ഫണ്ട്; രൂ.250000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

സംയുക്തമായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തുമായി സ്ഥാപനം കരാർ ചമച്ചിട്ടില്ല.

2. പ്രോജക്ട് നം.59/20-21 – ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - സംയുക്ത പ്രോജക്ട്

അടങ്കൽ : രൂ.550000/- (രൂ.100000/- വികസന ഫണ്ട്; രൂ.200000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം രൂ.250000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് : രൂ.400000/- (രൂ.100000/- വികസന ഫണ്ട്; രൂ.200000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം; രൂ.100000/- ജില്ലാ പഞ്ചായത്ത് വിഹിതം)

(I)സംയുക്തമായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുമായി സ്ഥാപനം കരാർ ചമച്ചിട്ടില്ല.

(Ii)ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 250000/- രൂപയിൽ നിന്നും 100000/- രൂപ മാത്രമാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. അവശേഷിക്കുന്ന രൂ.150000/- തിരിച്ചടച്ചതിന്റെ രേഖകൾ ഫയലിൽ

ലഭ്യമല്ല. അന്വേഷണക്കുറിപ്പ് നം.2/12.08.2021- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനൊപ്പം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടില്ലെങ്കിൽ, ആയത് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-37 2020-21 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകതൾ

1. പദ്ധതികളുടെ പ്രരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഒരു ഫയലിൽപ്പോലും ചേർത്തിട്ടില്ല.
3. സ്ഥിര ആസ്തിരജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.
4. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.
5. മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ്.
6. പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് |
| പ്രൊജക്ട് നമ്പർ | 30/2020-21 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-1655500/- |

| | |
|---|---|
| | സംസ്ഥാനാവിഷ്കൃത ഫണ്ട് -824499/-<br>തനത് ഫണ്ട് -24849/- |
| ബിൽനം | 08/2020-21-70,000/-തീയതി 26.08.2020 |
| | 10/2019-20-2,49,200/- തീയതി 15.09.2020 |
| | 13/2020-21-52,500/-തീയതി 15.10.2020 |
| | 22/2020-21-4,97,000/-തീയതി 20.02.2021 |
| | 23/2020-21-36000/-തീയതി 20.02.2021 |
| | 184/2020-21-24849/- തീയതി 30.10.2020 |
| ആകെ | 929549/- |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് |
| പ്രൊജക്ട് നമ്പർ | 160/2020-21 |
| അടങ്കൽ | വികസനഫണ്ട് ജനറൽ-15,069/-<br>ധനകാര്യകമ്മീഷൻ അവാർഡ്-8,73,682/-<br>തനത് ഫണ്ട്-5,50,431/- |
| ബിൽനം | 02/2020-21-2,53,500/-തീയതി 08.05.2020 |
| | 5/2020-21-50,000/- തീയതി 24.07.2020 |
| ആകെ | 3,03,500/-(ധനകാര്യകമ്മീഷൻ അവാർഡ്) |

നവകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യസംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പനങ്ങാട് പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം, മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുക, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുക,പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 -ൽ ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് എന്ന പേരിൽ 30/2020-21, 160/2020-21 എന്നീ പ്രോജക്ടുകൾ രൂപീകരിച്ചു. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) പ്രൊജക്ട് നമ്പർ 30/2020-21 -ൽ ഉൾപ്പെടുത്തി 2020-21 വർഷം 4,97,000/- രൂപ മുടക്കി കോലാർമിൽസ് സ്റ്റോർസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.B2C/10976 തീയതി 29.102020) പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി നടത്താത്തതിനാൽ യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

2013 ജലായ് മാസം പഞ്ചായത്തും കേരളസംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം കിനാലൂർ വില്ലേജിലെ സർവ്വേനം.95/1 -ൽ ഉൾപ്പെടുന്ന ഒരു ഏക്കർ സ്ഥലം വനിതകൾക്കു വേണ്ടി, ചെരുപ്പ് നിർമ്മിക്കുന്നതിനുള്ള മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പണിയുന്നതിനു വേണ്ടിയുള്ളതാണ്. മേൽ കരാറിലെ 9ാം നമ്പർ വ്യവസ്ഥ പ്രകാരം ചെരുപ്പ് നിർമ്മാണ യൂണിറ്റല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ആ സ്ഥലത്ത് നടത്താൻ പാടില്ലാത്തതാണ്. നിലവിൽ ഈ സ്ഥത്ത്, ചെരുപ്പ് നിർമ്മിക്കുന്നതിനുള്ള ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന് സമീപത്ത് എം.സി.എഫ്, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിരിക്കുകയാണ്. നിലവിൽ അവ പ്രവർത്തനക്ഷമമല്ലാത്തിനാലും പ്ലാസ്റ്റിക്ക് മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറാത്തതിനാലും അവിടെ പ്ലാസ്റ്റിക്ക് മാലിന്യം ചാക്കിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.

കെ.എസ്.ഐ.ഡിയുടെ അനുമതിയില്ലാതെ എം.സി.എഫ് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ അവിടെ സ്ഥാപിക്കുന്നത് നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുവാനും പഞ്ചായത്തിന് അവ അവിടെ നിന്ന് മാറ്റി സ്ഥാപിക്കേണ്ടി വരാനും സാധ്യതയുണ്ട്.

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിനായി തയ്യാറാക്കിയ ടെണ്ടർ ഡോക്യുമെന്റ് പ്രകാരം പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ കപ്പാസിറ്റി 8 മണിക്കൂറിൽ 1000 കിലോഗ്രാം പ്ലാസ്റ്റിക്ക് പൊടിക്കണമെന്നുള്ളതാണ്. കൂടാതെ മോട്ടോറിന്റെ കപ്പാസിറ്റി-15-20 എച്ച്.പി-യുമാണ്. എന്നാൽ കോലാർമിൽസ് സ്റ്റോർസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ഉപകരണം സ്റ്റോക്കിലെടുത്തിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കിയില്ല.

2) മേൽ പദ്ധതികളിലായി 2,99,200/- രൂപ മുടക്കി (ബിൽനം.10,5 എന്നിവ പ്രകാരം) കല്ലൻകി പ്രൊജക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.20-21/18 തീയതി 01.07.2020) 136 പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തതിന്റെയും എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും ഓഡിററിന് ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഓഫീസിന് മുൻമ്പിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റിൽ തന്നെ പ്ലാസ്റ്റിക്ക് ബോട്ടിലിന്റെ കൂടെ പ്ലാസ്റ്റിക്ക് കവറുകളും നിക്ഷേപിച്ചതായി കണ്ടു. കൃത്യമായ രീതിയിലല്ല അജൈവമാലിന്യം ശേഖരിക്കുന്നതെന്നും മാലിന്യശേഖരണം, സംസ്കരണം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ കൃത്യമായ അവബോധം ഇല്ലായെന്നുമാണ് ഇത് കാണിക്കുന്നത്.

3)പ്രൊജക്ട് നം.30/202-21 -ൽ നിന്ന് 24,849/- രൂപ ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ (KL-76-8233) ഇന്ധന ചെലവിനായി വിനിയോഗിച്ചിട്ടുണ്ട് (11/2019 മുതൽ 07/2020 കാലയളവിലേയ്ക്കായി). ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യ സംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധനചെലവ് അവർ സ്വയം വഹിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു.

4) പ്രൊജക്ട് നം.160/202-21 -ൽ നിന്ന് 2,53,500/- രൂപ മുടക്കി 3000 സെറാമിക് പ്ലേറ്റ്,ഗ്ലാസ്സുകൾ തുടങ്ങിയവ വാങ്ങുകയും (ഇൻവോയ്സ് നം. 154 തീയതി 10.02.2020 -റാണി മെറ്റൽ സ്റ്റോർസ് ,കോഴിക്കോട് )ആയത് വിവിധ പരിപാടികൾക്ക് നിശ്ചിത വാടകയ്ക്ക് നൽകി ഉപയോഗപ്പെടുത്തുന്നതിന് സി.ഡി.എസ്സ്-ന് 11.03.2020 -ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിൽ നിന്നുള്ള വരവ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരവും ലഭ്യമാക്കിയില്ല. സി.ഡി.എസ് ഓഫീസിൽ നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതിയിൽ വാങ്ങിയ ഗ്ലാസ്സ്,പ്ലേറ്റ് തുടങ്ങിയവ പെട്ടിപോലും പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പ്രകാരമുള്ള ഗ്രീൻപ്രോട്ടോക്കോൾ പ്രകാരം പൊതുചടങ്ങുകൾക്ക് കഴുകി ഉപയോഗിക്കുന്ന പാത്രങ്ങളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിക്കുന്നതിലേയ്ക്കായുള്ള മൂലധനം ഹരിതകർമ്മസേനയുടെ സ്വാഭാവിക മൂലധനത്തിൽ നിന്നോ ലോൺ മുഖേനയോ സംഘടിപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നിരാകരിക്കുന്നു.

5) 2020-21 വർഷം ഹരിതകർമ്മസേന എത്ര തുക യൂസർഫീ ഇനത്തിൽ പിരിച്ചെടുത്തു. എത്ര തുക പ്രവർത്തനത്തിനായി ചെലവഴിച്ചു. കളക്ഷൻ രജിസ്റ്റർ,രസീത്ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, ചെലവ് രേഖകൾ ഹാജരാക്കിയില്ല

6)ഹരിതകർമ്മസേനയ്ക്ക് മാലിന്യസംസ്കരണത്തിന് ആവശ്യമായ പരിശീലനം നിറവ് നൽകിയിട്ടുണ്ടോ, ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി മികച്ച വരുമാനത്തിലേക്ക് ഉയർത്താൻ ആവശ്യമായ

അധിക വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള പരിശീലനം കൺസൾട്ടിംഗ് എജൻസിയായ നിറവ് നടപ്പിലാക്കിയിട്ടുണ്ടോ. ആയതിന്റെ ഫലമായി വരുമാനവർദ്ധനവുണ്ടായിട്ടുണ്ടോ

7)2020-21 കാലയളവിൽ 7 ഹരിതകർമ്മസേന പ്രവർത്തകർക്കാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയിട്ടുള്ളത്. ഈയിനത്തിൽ യൂസർഫീ വരവിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്.

8) എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

9) 2020-21 കാലയളവിൽ എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേന അജൈവമാലിന്യ ശേഖരണം നടത്തിയിട്ടുണ്ട്.

10) 2020-21 കാലയളവിൽ ശേഖരിച്ച അജൈവമാലിന്യം ക്ലീൻ കേരള മിഷന് കൈമാറുന്നതിന് കരാറിലേർപ്പെട്ടിരുന്നോ. കിനാലൂർ എസ്റ്റേറ്റിലെ ലീസിനെടുത്ത സ്ഥലത്ത് പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിൽ കൂട്ടിയിട്ടിരിക്കുന്നതായി നേരിൽ കണ്ടു. മാലിന്യം കൃത്യമായ ഇടവേളകളിൽ കൈമാറിയിരുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

11) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എത്ര നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

12) റീസൈക്ലിനിംഗിനായി കൈമാറ്റം ചെയ്യപ്പെട്ട അജൈവമാലിന്യത്തിന്റെ അളവ് ഓരോ പാദവർഷത്തിലും കുറവ് വന്നിട്ടുണ്ടോ.

13)എത്രയിടങ്ങളിൽ ജൈവമാലിന്യങ്ങളിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി നടത്തിയിട്ടുണ്ട്.

14)2020-21 വർഷത്തെ ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ

മേൽ പരാമർശിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22/2020-21 തീയതി 17.08.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിന് ചെലവഴിച്ച 24,849/- രൂപയും, ഗ്ലാസ്സ്, പ്ലേറ്റ് എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച തുക 2,53,500/- രൂപയും അടക്കം 2,78,349/-രൂപ നിരാകരിക്കുന്നു.

2019-20 -ൽ എം.സി.എഫും 2020-21 -ൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാകാത്തതിനാൽ അവ പ്രവർത്തനക്ഷമമല്ല. പ്ലാസ്റ്റിക്ക് മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറാത്തതിനാൽ എം.സി.എഫ്-ന്റെ പരിസരത്ത് പ്ലാസ്റ്റിക്ക് മാലിന്യം ചാക്കിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ആയതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ലഭ്യക്കാത്തതിനാലും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച തുക 9,54,700/- രൂപ (നിരാകരിച്ച തുക കഴിച്ചുള്ളത്) തടസ്സത്തിൽ വയ്ക്കുന്നു.

## <u>3-2 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല</u>

2020-21ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കരിമ്പിൻതരി മേലേ കരിമ്പിൻതരി റോഡ്' എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 6 മാസമാണ്. എഗ്രിമെന്റ് നം.23/01.09.2018 പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 01.03.2019- ൽ ആണ്. എന്നാൽ അളവ് പുസ്തകം 126/17-18 ലെ

രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 09.02.2020 ൽ ആണ്. ബിൽ നമ്പർ 21/11.11.2020 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | അധിക കാലാവധിയുടെ 20% കിഴിച്ച ശേഷമുള്ള അധിക കാലയളവ് (06.04.19 മുതൽ 19.02.2020 വരെ) | കരാർ തുക (രൂ.) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 01.03.2019 | 19.02.2020 | 319 ദിവസം | 543105 | 6.4.19 മുതൽ 5.7.19 വരെ - 543105 X 1% = 5431 രൂപ<br>6.7.19 മുതൽ 5.10.19 വരെ - 543105 X 2% =10862 രൂപ<br>6.10.19 മുതൽ 5.1.20 വരെ -<br>543105 X 2% = 10862 രൂപ<br>ആകെ:16,293/- |

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ പ്രകാരം പരമാവധി നീട്ടിക്കൊടുക്കാവുന്ന കാലയളവ്, പ്രവൃത്തിക്ക് അനുവദിച്ച കാലയളവിന്റെ 50% ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്. അന്വേഷണക്കുറിപ്പ് നം.20/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ച

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത്.

| പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാ-വുന്ന പിഴ |
|---|---|---|---|---|---|
| 140/20-21 ഒരങ്കോകുന്ന് കോളനി റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 371981 രൂപ | 3720 രൂപ |
| 149/20-21 കല്ലിട്ടുക്കിൽ ആലം നോക്കു വയൽ റോഡ് | ബിജു.എം | 03.08.19 | 17.08.19 | 22.08.19 379506 രൂപ | 3795 രൂപ |
| ആകെ | | | | | 7,515 രൂപ |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും

EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അന്വേഷണക്കുറിപ്പ് നം.19/16.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 09.08.2021, 10.08.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,15,000 | സംയോജിത നെൽകൃഷി വികസനം-കൂലിചെലവ് | 2,15,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 95,515 | സുഫലം-ഫല വൃക്ഷ തൈ വിതരണം | 95,515 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,60,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ | 1,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 18,20,000 | ലൈഫ് ഭവനപദ്ധതി എസ്.സി | 18,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,12,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,12,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 11,58,479 | സ്വച്ഛതാ ഭവൻ | 11,58,479 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,58,000 | സംയോജിത നെൽകൃഷി വികസനം-കൂലിചെലവ് | 2,58,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33,000 | സുഫലം-ഫല വൃക്ഷ തൈ വിതരണം | 33,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 67,375 | മുട്ടഗ്രാമം വനിത | 67,375 | 0 |
| ജില്ലാ | 2020- | 13,90,000 | ലൈഫ് സമ്പൂർണ്ണ ഭവന | 13,90,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 21 | | പദ്ധതി ജനറൽ | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 12,00,000 | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണം എസ്.ടി | 12,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33,90,000 | ലൈഫ് ഭവനപദ്ധതി എസ്.സി | 33,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,12,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,12,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,50,000 | വനിതാക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 2,50,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. നം 533/2010/ത.സ്വഭവ തിയതി 18-02-2010 | 18,47,800 | 18,47,800 | 18,47,800 | - | - |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 2278/2018/ത.സ്വ ഭ വ തിയതി 18-08-2018 | 1,51,67,701 | 1,38,29,465 | 15,65,763 | - | 1,22,63,702 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,83,886 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 32,630 |
| ആകെ | 4,16,516 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,16,516 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പനങ്ങാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 30.03.2021 | 12 മാസം | 4,16,516 |
| ആകെ | | | | 4,16,516 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | 11.7.പേജ് 76 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ്ചെലവ് | 2006-08(11) ഖ 153 നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടുമേയൽ ധനസഹായം | 2011-14(12) ഖ.71 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07 പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | |
| 2015-16 | 3-5 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,61,20,173 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,62,17,784 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,02,157 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,27,478 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,78,349 | ശ്രീമതി.സിന്ധു, വി.ഇ.ഒ |
| 3-2 | | 16,293 | ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ |
| 3-3 | | 7,515 | ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ |
| ആകെ | | 3,02,157 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 9,04,700 | ശ്രീമതി.സിന്ധു, വി.ഇ.ഒ |
| 1-29 | 50,000 | ശ്രീമതി.മഞ്ജുള.പി, വി.ഇ.ഒ |
| 1-30 | 50,808 | ശ്രീ.മുഹമ്മദ് ലുഖ്മാൻ.എം.പി |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-35 | 21,970 | ഡോ.ടി.കെ.മുഹമ്മദ്, മെഡിക്കൽ ഓഫീസർ |
| ആകെ | 10,27,478 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി, സെക്രട്ടറി | സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത് | കല്ലുകണ്ടി വീട്, നൻമണ്ട (പി. ഒ), കോഴിക്കോട് |
| ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പനങ്ങാട് ഗ്രാമപഞ്ചായത്ത് | ശിവാനി, വട്ടോളി ബസാർ, കോഴിക്കോട് |
| ശ്രീമതി.സിന്ധു, വി.ഇ.ഒ | വി.ഇ.ഒ, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | ശ്രീപാദം, വടക്കെകേളോത്ത്, ഉണ്ണികുളം (പി. ഒ), കോഴിക്കോട് |
| ശ്രീമതി.മഞ്ജുള.പി, വി.ഇ.ഒ | വി.ഇ.ഒ, പനങ്ങാട് ഗ്രാമപഞ്ചായത്ത് | ചാത്തനേരി വീട്, പൂന്നശ്ശേരി, നരിക്കുനി, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ | തീർപ്പാക്കാൻ അവശേ |
|---|---|---|---|

| | | ഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 14,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 37, 38(2) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 2-8, 21 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 5 | 22, 23, 24, 25, 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1104/09(4) തീയതി. 02/06/2011 | 14 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/140/09 | 13 | 1-A, B, C, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1, 4-2, 4-3, 4-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി10/353/11 തീയതി. 11/02/2011,31/03/2011 | 15 | 1A, 1B, 1C, 1D, 1E, 2-1, 2-2, 3-1, 3-2 {1,2,3}, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി10/460/11 തീയതി 27/04/2011 | 34 | 1A,1B,2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5(A,B), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16,3-17, 4-3, 4-4, 4-5, 4-6, 4,7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി10/608/12(1) തീയതി 25.04.2012 | | 54 ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10/1403/12 തീയതി. 30/07/2012 | | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി10/1166/14 തീയതി. 05/09/2013 | | 1-1, 1-3, 1-6, 1-7, ഭാഗം2 (ഖണ്ഡിക 2-3, 2-6(2) എന്നിവ |

| | | | |
|---|---|---|---|
| | | | ഒഴികെ,) ഭാഗം 3, 4-2, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി10/776/13(1) തീയതി. 18/07/2013 | 21 | 1-1, 1-6, 2-3(1), 2-4, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(A), 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 4-3, 4-7 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി.പി10/1038/14 തീയതി. 04/07/2014 | 16 | 2-1(1,2,3,4), 2-2(1,2,3), 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-11 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8/250/20 തീയതി. 26/05/2020 | 10 | 3-3, 3-4, 3-7 (1,5,6), 3-8, 3-10 (2), 3-11( 3, 5, 6), 3-15, 3-16, 3-17, 4-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/20/20 തീയതി. | 7 | 3-2, 3-5, 3-9, 3-10, 3-15, 3-18, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി10/1820/2017 തീയതി 08/03/2018 | 21 | 2-1, 2-2, 2-3, 2-4 (1) (2) (3), 2-5 (1) (2) (3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി10/913/2019 തീയതി 02/12/2019 | 18 | 1-12 (3), 2-1, 2-2, 2-3, 3-1 (4), 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-16, 3-17, 3-18, 3-20 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/1128/20 തീയതി. 07/12/2020 | 9 | 1-7(2,4,5,6), 1-9, 1-10, 1-11, 1-15, 1-16, 1-17, 1-18, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്